K-DISC
Kerala Development and Innovation Strategic Council

# ഉദ്ഘാടനം

## എംപ്ലോയേഴ്സ് പോർട്ടൽ
## YIP - 2021 & തൊഴിൽമേള



**ശ്രീ. കെ. എൻ. ബാലഗോപാൽ**
ബഹു. ധനമന്ത്രി &
വൈസ് ചെയർമാൻ, കെ-ഡിസ്ക്



**ശ്രീ. വി.ശിവൻകുട്ടി**
ബഹു. പൊതുവിദ്യാഭ്യാസ
തൊഴിൽ വകുപ്പ് മന്ത്രി



**ഡോ. ആർ. ബിന്ദു**
ബഹു. ഉന്നത വിദ്യാഭ്യാസ
സാമൂഹ്യക്ഷേമ വകുപ്പ്
മന്ത്രി



**അഡ്വ. ആന്റണി രാജു**
ബഹു. ഗതാഗത വകുപ്പ്
മന്ത്രി

**2021 ആഗസ്റ്റ് 18 | രാവിലെ 09.00 മുതൽ**

*https://tinyurl.com/kkem-aug-event*

K-DISC
Kerala Development and Innovation Strategic Council

2021 ആഗസ്റ്റ് 12
തിരുവനന്തപുരം

# സ്വാഗതം

കേരള സർക്കാർ രൂപീകരിച്ച തന്ത്രപരമായ ഒരു തിങ്ക് ടാങ്കും ഉപദേശക സമിതിയുമാണ് കേരള വികസന-ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC). ഉൽപ്പന്നം, പ്രക്രിയ നവീകരണം, സാങ്കേതികവിദ്യയുടെ സാമൂഹിക രൂപീകരണം, സംസ്ഥാനത്ത് പുതുമകൾ വളർത്തിയെടുക്കുന്നതിന് ആരോഗ്യപരവും അനുയോജ്യവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കൽ എന്നിവയിൽ പുതിയ ദിശകൾ പ്രതിഫലിപ്പിക്കുന്ന തന്ത്രപരമായ പദ്ധതികൾ കൊണ്ടുവരികയാണ് കെ-ഡിസ്ക് ലക്ഷ്യമിടുന്നത്.

നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക, വൈജ്ഞാനിക സംരംഭങ്ങളെ ഏകോപിപ്പിക്കുക, ഇതിനനുയോജ്യമായ തരത്തിൽ യുവജനങ്ങളെ തയ്യാറാക്കുക എന്നീ പ്രാഥമിക ലക്ഷ്യങ്ങൾ മുൻനിർത്തി ഭാവി കേരളത്തെ രൂപപ്പെടുത്താനുതകുന്ന ചില പദ്ധതികൾക്കായി 'കേരള നോളജ് മിഷൻ' 2021-22-ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) തയ്യാറാക്കിയിട്ടുണ്ട്. ഈ പ്ലാറ്റ്ഫോം വഴി യോഗ്യതയുള്ള തൊഴിലന്വേഷകർക്ക് പുതിയ കാലത്തെ ജോലികൾ കണ്ടെത്താനും അത്തരം സ്ഥാനങ്ങൾക്ക് സജ്ജരാകാനുമുള്ള അവസരങ്ങൾ ലഭ്യമാവുന്നു.

തൊഴിൽ ദാതാക്കൾക്ക് സ്വയം രജിസ്റ്റർ ചെയ്യാനും അവരുടെ നിലവിലെ ആവശ്യകതകൾ അല്ലെങ്കിൽ തൊഴിലവസരങ്ങൾ പ്രസിദ്ധപ്പെടുത്താൻ കഴിയുന്ന തൊഴിലുടമകൾക്കായുള്ള ഒരു പോർട്ടൽ DWMS പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിക്കൊണ്ട് കെ-ഡിസ്ക് പദ്ധതി അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകുന്നു. DWMS പ്ലാറ്റ്ഫോമിൽ ഏകദേശം 35,000 ഉപയോക്താക്കളുണ്ട്, അവരിൽ പലരും യോഗ്യരായ ഉദ്യോഗാർത്ഥികളുമാണ്. എംപ്ലോയേഴ്സ് പോർട്ടലിന്റെ ഉദ്ഘാടനത്തോടൊപ്പം, ഇവരുമായി തൊഴിലുടമകൾക്ക് ബന്ധപ്പെടാനും ജോലി വാഗ്ദാനം ചെയ്യാനും അവസരമൊരുക്കുന്ന ഒരു തൊഴിൽ മേളയും സംഘടിപ്പിക്കുന്നു.

കഴിഞ്ഞ മൂന്ന് വർഷമായി വിജയകരമായി കെ-ഡിസ്ക് നടപ്പിലാക്കിവരുന്ന ഒരു ശ്രദ്ധേയമായ പദ്ധതിയാണ് 'യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം'. കേരളത്തിലെ യുവാക്കൾക്കിടയിൽ നവീനാശയങ്ങളുടെ ഒരു സംസ്കാരം പ്രോത്സാഹിപ്പിക്കുകയും നവീകരണത്തെ ജനാധിപത്യവൽക്കരിക്കുകയും ചെയ്യുന്ന പ്രസ്തുത പ്രോഗ്രാമിന്റെ നാലാം പതിപ്പ് 'YIP 2021'-നും ഈ അവസരത്തിൽ തുടക്കമിടുന്നു.

ബഹു. ധനമന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ എംപ്ലോയേഴ്സ് പോർട്ടലിന്റെയും ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി.ശിവൻകുട്ടി 'YIP 2021'-ന്റെയും ഉദ്ഘാടനം നിർവ്വഹിക്കും. തൊഴിൽ മേളക്ക് ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു സമാരംഭം കുറിയ്ക്കും. ബഹു. ഗതാഗത വകുപ്പ് മന്ത്രി അഡ്വ. ആന്റണി രാജു ചടങ്ങിൽ അധ്യക്ഷത വഹിക്കും. ആഗസ്റ്റ് പതിനെട്ടാം തീയതി രാവിലെ ഒൻപത് മണിക്ക് ആരംഭിക്കുന്ന ഈ ചടങ്ങിൽ പങ്കെടുക്കാനായി ഏവരെയും വിനീതമായി സ്വാഗതം ചെയ്യുന്നു.

**ഡോ. കെ.എം. എബ്രഹാം**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
കെ-ഡിസ്ക്

# കാര്യപരിപാടി

## 2021 ആഗസ്റ്റ് 18 | ബുധൻ | രാവിലെ 09.00 മുതൽ

09.00 AM - സ്വാഗതം

**ഡോ. കെ.എം. എബ്രഹാം**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്

09.05 AM - അധ്യക്ഷപ്രസംഗം

**അഡ്വ. ആന്റണി രാജു**
ബഹു. ഗതാഗത വകുപ്പ് മന്ത്രി

09.10 AM - എംപ്ലോയേഴ്സ് പോർട്ടലിന്റെയും YIP 2021-ന്റെയും അവതരണം

**ഡോ. പി.വി. ഉണ്ണികൃഷ്ണൻ**
മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്

09.15 AM - തൊഴിലുടമകളുടെ പോർട്ടൽ ഉദ്ഘാടനം

**ശ്രീ. കെ. എൻ. ബാലഗോപാൽ**
ബഹു. ധനമന്ത്രി & വൈസ് ചെയർമാൻ, കെ-ഡിസ്ക്

09.20 AM - YIP 2021 ഉദ്ഘാടനം

**ശ്രീ. വി.ശിവൻകുട്ടി**
ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി

09.25 AM - തൊഴിൽമേള ഉദ്ഘാടനം

**ഡോ. ആർ. ബിന്ദു**
ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

09.30 AM - ആശംസകൾ

**ശ്രീ. ആര്യ രാജേന്ദ്രൻ**
ആരാധ്യയായ മേയർ, തിരുവനന്തപുരം കോർപ്പറേഷൻ

**ഡോ. ശശി തരൂർ**
ബഹു. പാർലമെന്റ് അംഗം, തിരുവനന്തപുരം

**അഡ്വ. ഡി. സുരേഷ് കുമാർ**
ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, തിരുവനന്തപുരം

**ഡോ. നവ്ജ്യോത് ഖോസ IAS**
ജില്ലാ കളക്ടർ, തിരുവനന്തപുരം

09.40 AM - കൃതജ്ഞത

**ശ്രീമതി. സജിത പി.പി.**
എക്സിക്യുട്ടീവ് ഡയറക്ടർ (മാനേജ്മെന്റ് സേവനങ്ങൾ), കെ-ഡിസ്ക്

URL: ***https://zoom.us/join***
Zoom Meeting ID: **882 6360 4572**
Passcode: **557090**

വെർച്വൽ പ്രോഗ്രാം ലിങ്ക്.
***https://tinyurl.com/kkem-aug-event***

K-DISC

Kerala Development and Innovation Strategic Council


**കേരള വികസന ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)**

വഴുതക്കാട്, തിരുവനന്തപുരം

**+91 471 233 2920 / 233 4472**

**https://kdisc.kerala.gov.in**